2005-ൽ പി.ജി.ക്കുശേഷം 3 വർഷത്തെ അദ്ധ്യാപന പരിചയം ഇല്ലാത്ത ആളെ ഓറൽ മെഡിസിൻ ഡിപ്പാർട്ട്മെന്റിൽ അസിസ്റ്റന്റ് പ്രൊഫസ്സറായി നിയമിച്ചത് ശരിയല്ല. (പ്രസ്തുത നിർദ്ദേശം അനുബന്ധം 5-ാം നമ്പരായി ചേർക്കുന്നു.) †

(ബി) ടിയാളെ തിരുവനന്തപുരം ദന്തൽ കോളേജിലേക്ക് സ്ഥലംമാറ്റി നിയമിച്ചു. ടിയാൾ ഇപ്പോൾ പെരിയോഡോൺടിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസ്സറാണ്. പകരം ഡി.സി.ഐ. നിബന്ധനപ്രകാരം പി.ജി.ക്കുശേഷം 3 വർഷത്തെ അദ്ധ്യാപന പരിചയമുള്ള അസിസ്റ്റന്റ് പ്രൊഫസ്സറെ സ്ഥലംമാറ്റി നിയമിച്ചു.

(സി) തിരുവനന്തപുരം ദന്തൽ കോളേജിന്റെ അംഗീകാരം നഷ്ടപ്പെട്ടിട്ടില്ല. 2005-ൽ തിരുവനന്തപുരം ദന്തൽ കോളേജ് ഇൻസ്പെക്ഷനിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ അയോഗ്യനായിക്കണ്ടു എന്നാരോപിക്കപ്പെടുന്ന അദ്ധ്യാപകനെക്കൂടാതെ ദന്തൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ ചട്ടങ്ങൾ അനുസരിച്ച് യോഗ്യതയുള്ള പ്രൊഫസ്സറും 3 ഡോക്ടർമാരും സേവനം അനുഷ്ഠിക്കുന്നുണ്ട്. ആയതിനാൽ ഇപ്പോൾ അപാകത നിലവിലില്ല.

(ഡി) ദന്തൽ എഡ്യൂക്കേഷൻ സർവ്വീസസ് സ്പെഷ്യൽ റൂൾസ് ദന്തൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ ചട്ടങ്ങൾക്കനുസരണമായി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഇ) പെരിയോഡോൺടിക്സ് വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസ്സറായ ഡോ. ഷിബു ഗോഡ്ഫ്രെ പെരേര, ഓറൽ മെഡിസിൻ ആന്റ് റേഡിയോളജി വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസ്സറായ ഡോ. ഷീബാ പടിയത്ത് എന്നിവരെയാണ് അയോഗ്യരായി ദന്തൽ കൗൺസിൽ ഓഫ് ഇന്ത്യ കണ്ടെത്തി, കേരള സർക്കാരിന് അയച്ചുതന്ന ലിസ്റ്റിൽ ഉൾപ്പെട്ടവർ. (പ്രസ്തുത പകർപ്പ് അനുബന്ധം ആറാം നമ്പരായി ചേർക്കുന്നു.) †

(എഫ്) ഉണ്ട്. ദന്തൽ കോളേജുകളിൽ ഇപ്പോൾ നിയമനം നടത്തുന്നത് ദന്തൽ എഡ്യൂക്കേഷൻ സർവ്വീസ് സ്പെഷ്യൽ റൂൾ പ്രകാരമാണ്. ആയത് ദന്തൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ ചട്ടങ്ങൾക്ക് അനുസൃതമല്ലെന്ന് കണ്ടതിനാൽ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

നിർമ്മാണ പ്രവർത്തനങ്ങൾക്ക് മണലിന് പകരം മറ്റെന്തെങ്കിലും പദാർത്ഥം കണ്ടെത്തുന്നതിനുള്ള പഠനം

57 [157] *ശ്രീ. റോഷി അഗസ്റ്റിൻ:*
,, *കെ. നാരായണക്കുറുപ്പ്:*
,, *തോമസ് ചാഴികാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മണൽവാരൽ കർശനമായി നിയന്ത്രിച്ചിരിക്കുന്ന സാഹചര്യത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മണലിന് പകരമായി

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മറ്റെന്തെങ്കിലും പദാർത്ഥം കണ്ടെത്തുന്നതിന് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ;

(ബി) ഇല്ലെങ്കിൽ മണലിന് പകരം മറ്റെന്തെങ്കിലും കണ്ടെത്തുന്നതിന് പഠനം നടത്താൻ നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ സംസ്ഥാനത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രതിദിനം എത്രമാത്രം മണൽ ആവശ്യമാണെന്ന് വ്യക്തമാക്കാമോ;

(ഡി) അമിത ആഡംബരത്തോടെയുള്ള ഗൃഹനിർമ്മാണം നിരുത്സാഹപ്പെടുത്തുന്നതിന് നിയമനിർമ്മാണം ഉൾപ്പെടെയുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, തിരുവനന്തപുരം എന്ന സ്ഥാപനം മുഖേന പാറ പൊടിച്ചുണ്ടാക്കുന്ന മണൽ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനം നടത്തുന്നതിനെക്കുറിച്ച് പഠനം നടത്തിവരുന്നു. ഹൗസിംഗ് ബോർഡിന്റെയും, നിർമ്മിതി കേന്ദ്രയുടെയും അഭ്യർത്ഥനപ്രകാരം പാറ ലഭ്യമുള്ള പ്രദേശം കണ്ടെത്തുന്നതിന് ജില്ലാ കളക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇതു സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല.

(ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

റവന്യൂ ഭൂമി കൈയേറ്റം

58 [158] *ശ്രീ. കെ. കെ. ജയചന്ദ്രൻ:*
,, *വി. പൊന്നാമരാക്ഷൻ:*
,, *രാജു എബ്രഹാം:*
,, *ഡി. സി. ജോർജ്* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പല ഭാഗത്തും റവന്യൂ ഭൂമി കൈയേറ്റവും വ്യാജ പട്ടയനിർമ്മാണവും വർദ്ധിച്ചുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ ഏതൊക്കെ ഭാഗങ്ങളിൽ എത്ര ഏക്കർ റവന്യൂ ഭൂമിയാണ് കൈയേറിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇടുക്കി ജില്ലയിലെ മൂന്നാർ, ദേവികുളം, കണ്ണൻ ദേവൻ ഹിൽസ് എന്നീ വില്ലേജുകളിൽ നടന്ന വനം കൈയേറ്റത്തെക്കുറിച്ചും, വ്യാജ പട്ടയനിർമ്മാണത്തെക്കുറിച്ചും സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly